**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 ഓഡിറ്റ് പരാമർശം - പദ്ധതി നിർദ്ദേശം മറികടന്ന് കളി ഉപകരണങ്ങൾ വാങ്ങിയത് - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1442/14/തസ്വഭവ തീയതി, തിരുവനന്തപുരം, 09.06.2014

==================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 11.02.2014, 26.03.2014 തീയതികളിലെ 2222/ഡി.പി.4/2014/സി.ആർ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 2011-12 വർഷം ശിശുവികസന പദ്ധതി ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി നടപ്പിലാക്കിയ അംഗനവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ടി ഉപകരണങ്ങൾ സർക്കാർ ഏജൻസിയിൽ നിന്ന് വാങ്ങണമെന്നതായിരുന്നു പദ്ധതി നിർദ്ദേശമെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മത്സരാധിഷ്ഠിത ക്വട്ടേഷൻ മുഖേനയാണ് കളി ഉപകരണങ്ങൾ വാങ്ങിയത് എന്നതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് 2,61,655/- രൂപ ചെലവ് തടസ്സപ്പെടുത്തിയതായും ആയത് ഒഴിവാക്കുന്നതിലേക്ക് സർക്കാർ സാധൂകരണം ആവശ്യമായതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതിയോ ജില്ലാആസൂത്രണസമിതിയിൽ നിന്നും പദ്ധതി ഭേദഗതി വരുത്താതെയോ ഇത്തരം പ്രവൃത്തികളിൽ മാറ്റം വരുത്തുവാൻ പാടില്ലായെന്ന കർശനമായ താക്കീതോടെ ബ്ലോക്ക് പഞ്ചായത്തിന്റെ ടി പ്രോജക്ടിന് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2011-12 വർഷം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് അംഗനവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിൽ, ഉപകരണങ്ങൾ പദ്ധതി നിർദ്ദേശത്തിനുവിരുദ്ധമായി മത്സരാധിഷ്ഠിത ക്വട്ടേഷൻ മുഖേന വാങ്ങിയ നടപടി, മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോ ജില്ലാ ആസൂത്രണസമിതിയിൽ നിന്നും പദ്ധതി ഭേദഗതി വരുത്താതെയോ ഇത്തരം പ്രവൃത്തികളിൽ മാറ്റം വരുത്താൻ പാടില്ലായെന്ന കർശനമായ താക്കീതോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>രാമൻകുട്ടി സി.,<br>ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ഇത്തിക്കര.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ